## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6235

31/10/2011-ൽ മറുപടിക്ക്

### 'ആടുഗ്രാമം' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ: | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ ആവിഷ്ക്കരിച്ച 'ആടുഗ്രാമം' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആടു ഗ്രാമം പദ്ധതിയിൽ കുടുംബശ്രീ അംഗങ്ങളായ 5–10 വരെ വനിതകൾ അടങ്ങുന്ന 5 വീതം ഗ്രൂപ്പുകളുള്ള ക്ലസ്റ്ററുകളിൽ ഓരോ ക്ലസ്റ്ററിലേയും ഏതെങ്കിലും ഒരു ഗ്രൂപ്പിലെ ഒരു അംഗത്തിന് ഒരു ആൺ ആടും ബാക്കിയുള്ളവർക്ക് പെൺ ആടിനേയും നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, തൃശൂർ എന്നീ ജില്ലകളിൽ ആരംഭിച്ച ആട് ഗ്രാമം പദ്ധതി വിജയമാണെന്ന് കണ്ടതിനെ തുടർന്നാണ് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. നിലവിൽ രണ്ട് ജില്ലകളിലുമായി ആകെ 98 യൂണിറ്റുകളിലായി അഞ്ഞൂറോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി 901 യൂണിറ്റുകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തിയാക്കി. 4,505 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. 2500 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിലവിൽ ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ ഏതെല്ലാം വിധത്തിൽ സഹായിക്കുവാനാണ് പ്രസ്തുതപദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രധാനമായും പരിശീലനം, സാങ്കേതിക വിദഗ്ധ സഹായം, സംരംഭകർക്ക് സബ്സിഡി, വിപണനത്തിനുവേണ്ട പിന്തുണാ സഹായങ്ങൾ എന്നിവയാണ് ആട് ഗ്രാമം പദ്ധതി പ്രകാരം നൽകിവരുന്നത്.<br><br>പാലിന്റെ സംഭരണവും വിതരണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സ്ഥലത്തെ പ്രമുഖ വൈദ്യശാലകളുമായി ചർച്ചകൾ നടത്തി വരുന്നു. പ്രതിദിനം ഒരു പഞ്ചായത്തിൽ നിന്നും 117 ലിറ്റർ എന്ന തോതിൽ പാൽ ഉല്പാദിപ്പിച്ച് വൈദ്യശാലകളിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. കൂടാതെ തൃശൂർ ജില്ലയിൽ ആടിൻ മൂത്രം കുപ്പികളിലാക്കി കോട്ടയ്ക്കൽ ആര്യവൈദ്യശാല പോലുള്ള വൈദ്യ ശാലകളിലേയ്ക്ക് ഔഷധ ഉപയോഗത്തിനു നൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതു കൂടാതെ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ആടിൻ കാഷ്ഠം സംസ്കരിച്ച് പായ്ക്കറ്റുകളിലാക്കി വിപണനം നടത്തുന്ന തിനുള്ള പുതിയ പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമങ്ങളെയാണ് 'ആടുഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്; | (സി) | അനുബന്ധമായി ചേർത്തിട്ടുള്ള കണ്ണൂർ ജില്ലയിലെ 58 പഞ്ചായത്തുകളിലും, തൃശൂർ ജില്ലയിലെ അളഗപ്പാ നഗർ ഗ്രാമപഞ്ചായത്തിലുമാണ് പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയത്. ഇത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകമാനം ഓരോ ജില്ലകളിലും കുറഞ്ഞത് 2 പഞ്ചായത്തുകളിൽ വീതം പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഡി) | ഒറ്റപ്പാലം അസംബ്ലി മണ്ഡല ത്തിലെ ഏതെല്ലാം ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒരു ഗ്രാമ പഞ്ചായത്തിലും നിലവിൽ ആട് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**

*<u>അനുബന്ധം</u>*

## കണ്ണൂർ ജില്ലയിൽ ആട് ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ

1. ആറളം
2. കുറ്റ്യാട്ടൂർ
3. കോളയാട്
4. ശ്രീകണ്ഠാപുരം
5. കീഴല്ലൂർ
6. പേരാവൂർ
7. എരുവേശ്ശി
8. കാങ്കോൽ ആലപ്പടമ്പ
9. കുറുമാത്തൂർ
10. കൊട്ടിയൂർ
11. തൃപ്രങ്ങോട്ടൂർ
12. പാനൂർ
13. പിണറായി
14. ഇരിക്കൂർ
15. തില്ലങ്കേരി
16. നടുവിൽ
17. ചെറുതാഴം
18. കണിച്ചാർ
19. ഉദയഗിരി
20. മാലൂർ
21. പരിയാരം
22. ചപ്പാരപ്പടവ്
23. ഉളിക്കൽ
24. കൂടാളി
25. പായം
26. മയ്യിൽ
27. ആലക്കോട്
28. മുഴക്കുന്ന്
29. കേളകം
30. ചിറ്റാരിപ്പറമ്പ
31. പാട്യം
32. എരമം കുറ്റൂർ
33. പെരളശ്ശേരി
34. ചിറക്കൽ
35. ചെങ്ങളായി
36. വേങ്ങാട്
37. നാറാത്ത്
38. കരിവെള്ളൂർ
39. കീഴൂർ ചാവശ്ശേരി
40. കുന്നോത്തുപറമ്പ
41. അയ്യൻകുന്ന്
42. കല്ല്യാശ്ശേരി
43. പാപ്പിനിശ്ശേരി
44. ഏഴോം
45. മാട്ടൂൽ
46. ചേലോറ
47. ചെറുകുന്ന്
48. മൊകേരി
49. കതിരൂർ
50. കൊളച്ചേരി
51. കടന്നപ്പള്ളി
52. രാമന്തളി
53. മുഴപ്പിലങ്ങാട്
54. പട്ടുവം
55. ഏഴോം
56. രാമന്തളി
57. പുഴാതി
58. മാട്ടൂൽ